## പട്ടികജാതി/പട്ടികവർഗ്ഗ ഉപദേശകസമിതികളുടെ പുനഃസംഘടന

951 [1526] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമ-സാമൂഹ്യവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിലുള്ള പട്ടികജാതി/പട്ടികവർഗ്ഗ ഉപദേശകസമിതികളും പുനഃസംഘടിപ്പിക്കുവാൻ വല്ല നിർദ്ദേശവും ഗവൺമെൻറിൻെറ പരിഗണനയിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിൻെറ വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(സി) ഇല്ലെങ്കിൽ ജില്ലാ ഉപദേശക സമിതികളിലും മറ്റും പ്രാതിനിദ്ധ്യമില്ലാത്ത വിഭാഗങ്ങൾക്കുകൂടി പ്രാതിനിദ്ധ്യം നൽകി കമ്മിറ്റികളും പുനഃസംഘടിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) പരിഗണിക്കാവുന്നതാണ്.

## മദ്യഷാപ്പുകൾ

952 [1534] ശ്രീ. എം. കെ. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്താകെ എത്ര വിദേശമദ്യഷാപ്പുകളും ചാരായഷാപ്പുകളും കള്ളുഷാപ്പുകളും ഉണ്ട് ;

(ബി) വിവിധ ഇനം ഷാപ്പുകളുടെ ജില്ലതിരിച്ചുള്ള വിവരം വെളിപ്പെടുത്തുമോ ?

### ഉത്തരം

(എ) സംസ്ഥാനത്താകെ 62 വിദേശമദ്യ ചില്ലറ വിൽപനഷാപ്പുകളും 65 വിദേശമദ്യ മൊത്തവിൽപനഷാപ്പുകളും 865 ചാരായമെയിൻഷാപ്പുകളും 2314 കള്ളുഷാപ്പുകളും (മെയിൻഷാപ്പുകൾ) ഉണ്ട്.

(ബി) വിവിധ ഇനം ഷാപ്പുകളുടെ ജില്ലതിരിച്ചുള്ള വിവരം അനുബന്ധമായി കൊടുത്തിരിക്കുന്നു.*

## തിരുവനന്തപുരം—കല്ലട ഫാസ്റ്റ് പാസഞ്ചർ

953 [1537] ശ്രീ. കല്ലട നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം—കല്ലട ഫാസ്റ്റ് പാസഞ്ചർ ആരംഭിച്ചിട്ടു ഇപ്പോൾ എത്ര വർഷമായെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ബസ്സിനു പാലമുക്ക് ഒരു അംഗീകൃത സ്റ്റോപ്പാണോ ;

---

*അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

(സി) പാലമുക്കിൽ ഈ ബസ് നിറുത്തുന്നില്ല എന്നത് സംബന്ധിച്ച് ഇതിനകം എത്ര പരാതികളാ കിട്ടിയിട്ടുണ്ട് ;

(ഡി) പാലമുക്കിൽനിന്നും മറ്റും യാത്രാസൗകര്യങ്ങളും ഇല്ലാത്തതിനാൽ ഈ സ്റ്റോപ്പിൽ ബസ് നിർത്തി യാത്രക്കാരെ കൊണ്ടുപോകാൻ വേണ്ട നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) മൂന്നുവർഷവും പത്തുമാസവും ആയിട്ടുണ്ട്. 26-5-1975-ൽ ആണ് ഈ സർവ്വീസ് ആരംഭിച്ചത്.

(ബി) അതേ.

(സി) അഞ്ചു പരാതികളാ കിട്ടിയിട്ടുണ്ട്.

(ഡി) ആവശ്യമായ നടപടികളാ സ്വീകരിച്ചിട്ടുണ്ട്.

ഓവർ ലാപ്പിങ്ങ് അനുവദിക്കുവാൻ നടപടി

954 [1540] ശ്രീ. പാണാത്ത് കുഞ്ഞിമുഹമ്മദ് :
,, പി. സീതിഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ വയനാട് റൂട്ട് ദേശസാൽക്കരിച്ച ശേഷം അവിടത്തെ യാത്രക്കാരുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ ഓവർ ലാപ്പിങ്ങ് അനുവദിക്കുവാൻ ഗവൺമെൻറിന് ഉദ്ദേശ്യമുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര കിലോമീറ്റർ ദൂരം ;

(സി) അല്ലെങ്കിൽ ഓവർ ലാപ്പിങ്ങ് അനുവദിക്കുവാൻ വേണ്ട നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ) ദേശസാൽക്കരിച്ച വയനാട് റൂട്ടിൽ ഓവർ ലാപ്പിംഗ് അനുവദിക്കുവാൻ നിയമമില്ല. എന്നാൽ യാത്രക്കാരുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ വേണ്ട നടപടികളാ സ്വീകരിച്ചിട്ടുണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

റാന്നി-കോഴിക്കോട് ഫാസ്റ്റ് പാസഞ്ചർ സർവ്വീസ്

955 [1541] ശ്രീ. കെ. എ. മാത്യു : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

റാന്നിയിൽനിന്നും കേരളത്തിന്റെ വടക്കൻ ജില്ലകളിലേക്ക് നേരിട്ട് യാത്രാ സൗകര്യം ഇല്ല എന്നുള്ളത് പരിഗണിച്ച് റാന്നി-കോഴിക്കോട് ഒരു ഫാസ്റ്റ് പാസഞ്ചർ സർവ്വീസ് ആരംഭിക്കുമോ ?

ഉത്തരം

വാഹന ലഭ്യതയനുസരിച്ച് ഈ നിർദ്ദേശം പരിഗണിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly